# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 28.08.2024**

### പ്രധാനവാർത്തകൾ

1. രാജ്യത്ത് പന്ത്രണ്ട് പുതിയ ഗ്രീൻഫീൽഡ് വ്യവസായ സ്മാർട്ട് സിറ്റികൾക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. പദ്ധതിയിൽ ഉൾപ്പെട്ട് പാലക്കാട് ജില്ല. തീരുമാനം സ്വാഗതം ചെയ്ത് മന്ത്രി പി രാജീവ്.

2. കാൻസർ മരുന്നുകൾ വില കുറച്ച് ലഭ്യമാക്കുന്ന കാരുണ്യ സ്പർശം പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും.

3. വയനാട് പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നാളെ സർവകക്ഷിയോഗം. ഉരുൾപൊട്ടലിൽ മരിച്ച 36 പേരെ ഡിഎൻ.എ പരിശോധനയിലൂടെ തിരിച്ചറിഞ്ഞു.

4. മഹാത്മ അയ്യങ്കാളിയുടെ ജീവിത സന്ദേശം ഉൾക്കൊണ്ട് സമൂഹത്തെ മുന്നോട്ടുനയിക്കാൻ പുതുതലമുറ സജ്ജമാകണമെന്ന് മന്ത്രി ഒ ആർ കേളു.

5. പാരീസ് പാരാലിമ്പിക്സിന് ഇന്ന് തുടക്കം. ഇന്ത്യയെ പ്രതിനിധീകരിക്കുന്നത് 84 കായിക താരങ്ങളുടെ സംഘം.

****************************************

## കേന്ദ്ര മന്ത്രിസഭ-ഇൻട്രോ

ദേശീയ വ്യാവസായിക ഇടനാഴി വികസന പദ്ധതിക്ക് കീഴിൽ പന്ത്രണ്ട് പുതിയ ഗ്രീൻഫീൽഡ് വ്യവസായ സ്മാർട്ട് സിറ്റികൾക്ക് അംഗീകാരം നൽകി കേന്ദ്ര മന്ത്രിസഭ. പദ്ധതിയിൽ 28,602 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ പറഞ്ഞു. പത്ത് സംസ്ഥാനങ്ങളിലായി ആവിഷ്ക്കരിക്കുന്ന പദ്ധതിയിൽ കേരളത്തിലെ പാലക്കാട് ജില്ലയും ഉൾപ്പെട്ടിട്ടുണ്ട്.

(മന്ത്രി വോയിസ്)

1,710 ഏക്കർ സ്ഥലത്ത് 3,806 കോടി രൂപ ചെലവിലാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയിലൂടെ 51,000 പേർക്ക് തൊഴിൽ ലഭിക്കുമെന്നും കണക്ക് കൂട്ടുന്നു.

RNU TVPM

**************************************

## പിയുഷ് ഗോയൽ

കേന്ദ്ര അംഗീകാരം ലഭിച്ച പുതിയ ഗ്രീൻഫീൽഡ് ഇൻഡസ്ട്രിയൽ സ്മാർട്ട് സിറ്റി പദ്ധതി വികസിത ഭാരതമെന്ന ലക്ഷ്യത്തിന് ഊർജ്ജം പകരുമെന്ന് കേന്ദ്രമന്ത്രി പിയുഷ് ഗോയൽ. സന്തുലിതമായ പ്രാദേശിക വികസനം സാധ്യമാക്കുന്നതിനൊപ്പം നിക്ഷേപങ്ങളിൽ വൻ കുതിപ്പിനും വഴിയൊരുക്കുമെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു. രാജ്യത്തെ വ്യാവസായിക മേഖലയെ മാറ്റിമറിക്കാൻ 28,602 കോടി രൂപയുടെ ഈ പദ്ധതികൾക്ക് കഴിയുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

**************************************

## പി.രാജീവ്

പാലക്കാട് വ്യവസായ സ്മാർട്ട്സിറ്റിക് ലഭിച്ച കേന്ദ്ര അംഗീകാരം സ്വാഗതാർഹമെന്ന് മന്ത്രി പി. രാജീവ്. കേരളത്തിലെ വ്യവസായ വളർച്ചയ്ക്ക് ഏറേ സഹായകരമാണ് ഈ പ്രഖ്യാപനമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. പദ്ധതിയുടെ പ്രവർത്തനങ്ങൾ അതിവേഗം മുന്നോട്ടു കൊണ്ട് പോകാൻ ശ്രമിക്കുമെന്നും ശ്രീ പി. രാജീവ് പറഞ്ഞു.

*************************************

## കാരുണ്യ സ്പർശം

കാൻസർ മരുന്നുകൾ കമ്പനി വിലയ്ക്ക് ലഭ്യമാക്കുന്ന കാരുണ്യ സ്പർശം- സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ് പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഓൺലൈനായി ഉദ്ഘാടനം ചെയ്യും. ആരോഗ്യ മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിക്കും.കാൻസർ മരുന്നുകൾ ജനങ്ങൾക്ക് പരമാവധി വില കുറച്ച് ലഭ്യമാക്കുകയാണ് പദ്ധതി ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും തെരഞ്ഞെടുത്ത 14 കാരുണ്യ ഫാർമസികളെ പദ്ധതിയിൽ ഉൾപ്പെടുത്തും. 247 ഇനം മരുന്നുകളാണ് ലാഭമില്ലാതെ പ്രത്യേക കൗണ്ടർ വഴി ലഭ്യമാക്കുന്നത്.

RNI/TVPM

*************************************

## സർവകക്ഷി യോഗം

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ നാളെ സർവകക്ഷിയോഗം ചേരും. വൈകുന്നേരം ഓൺലൈനായിട്ടാണ് യോഗം.

************************************

## ഡി.എൻ.എ പരിശോധന - വയനാട്

വയനാട് ഉരുൾപൊട്ടലിൽ മരിച്ച 36 പേരെ ഡിഎൻ.എ പരിശോധനയിലൂടെ തിരിച്ചറിഞ്ഞു. 17 മൃതദേഹങ്ങളും 56 ശരീര ഭാഗങ്ങളുമുൾപ്പെടെ 73 സാമ്പിളുകളാണ് ഡി.എൻ.എ സാമ്പിളുമായി യോജിച്ചത്. ഒരാളുടെ തന്നെ ഒന്നിൽ കൂടുതൽ ശരീര ഭാഗങ്ങൾ ലഭിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട്. കണ്ണൂർ ഫോൻസിക് സയൻസ് ലാബോറട്ടറിയിരുന്നു പരിശോധന.

************************************

## നിയമസഭാ പരിസ്ഥിതി

നിയമസഭ പരിസ്ഥിതി സമിതി നാളെയും മറ്റന്നാളും കോഴിക്കോട്, വയനാട് ജില്ലകളിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ സന്ദർശിക്കും. മേഖലയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന് സമിതി വിവരശേഖരണം നടത്തും.

RNU TVPM

************************************

## സത്യവാങ്മൂലം - വയനാട്

വയനാട് ഉരുൾപൊട്ടലിനെ തുടർന്ന് താത്ക്കാലിക പുനരധിവാസ പ്രകാരം വാടക വീടുകളിലേക്കും ബന്ധുക്കൾക്കൊപ്പവും മാറിയവർ സർക്കാരിൽ നിന്നും അർഹമായ തുക ലഭ്യമാകുന്നതിന് സത്യവാങ്മൂലം നൽകണമെന്ന് അറിയിപ്പ്. മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിൽ നിന്നുള്ളവർ നിലവിൽ താമസിക്കുന്ന തദ്ദേശ സ്ഥാപനങ്ങളിലാണ് സത്യവാങ്മൂലം നൽകേണ്ടത്.

**************************************

## ഒ ആർ കേളു

തദ്ദേശീയ ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി പോരാടിയ ധീരയോദ്ധാവായ മഹാത്മ അയ്യങ്കാളിയുടെ ജീവിത സന്ദേശം ഉൾക്കൊണ്ട് സമൂഹത്തെ മുന്നോട്ടുനയിക്കാൻ പുതുതലമുറ സജ്ജമാകണമെന്ന് മന്ത്രി ഒ ആർ കേളു. സമൂഹത്തിൽ എല്ലാവർക്കും ഒരുപോലെ സ്വാതന്ത്ര്യം ലഭിക്കണമെന്നതായിരുന്നു അയ്യങ്കാളിയുടെ ദർശനമെന്നും അദ്ദേഹം പറഞ്ഞു. അയ്യങ്കാളിയുടെ 161-ാാം ജയന്തി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്ത മന്ത്രി തിരുവന്തപുരം വെള്ളയമ്പലം അയ്യങ്കാളി സ്ക്വയറിലെ പ്രതിമയിൽ പുഷ്പാർച്ചന നടത്തി. മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ തുടങ്ങിയവരും സംബന്ധിച്ചു.

RNU TVPM

**************************************

## ഹേമ കമ്മിറ്റി

ഹേമാ കമ്മിറ്റി റിപ്പോർട്ടിൽ എന്തുകൊണ്ടാണ് അന്വേഷണം നടത്താത്തതെന്ന് സംസ്ഥാന സർക്കാർ വ്യക്തമാക്കണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ സിനിമ മേഖലയിൽ ഉയർന്നുവരുന്ന ആരോപണങ്ങളുമായി ബന്ധപ്പെട്ട് യഥാർത്ഥ കുറ്റവാളികൾ ആരാണെന്ന് സർക്കാർ മറച്ചുവെക്കുന്നതായും അദ്ദേഹം മലപ്പുറത്ത് പറഞ്ഞു. അതേസമയം ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കാതിരിക്കാനുള്ള ഗൂഢാലോചനയാണ് സർക്കാർ നടത്തുന്നതെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ പ്രതികരിച്ചു.

************************************

## സിദ്ദിഖ് കേസ്

യുവ നടിയുടെ പരാതിയിൽ നടൻ സിദ്ദിഖിനെതിരെ തിരുവനന്തപുരം മ്യൂസിയം പൊലീസ് കേസെടുത്തു. 2016 ൽ തിരുവനന്തപുരത്തെ ഹോട്ടലിൽ വെച്ച് സിദ്ദിഖ് പീഡിപ്പിച്ചെന്നാണ് പരാതി.

************************************

## അന്വേഷണ സംഘം - നടി

മലയാള ചലച്ചിത്ര മേഖലയിലെ ചില വ്യക്തികൾക്കെതിരെ ആരോപണം ഉന്നയിച്ച നടിയുടെ മൊഴി പ്രത്യേക അന്വേഷണ സംഘം രേഖപ്പെടുത്തി. കൊച്ചിയിലെ ഫ്ലാറ്റിൽ എത്തിയാണ് അന്വേഷണം സംഘാഗം, ഡിഐജി അജിതാ ബീഗം മൊഴി എടുത്തത്. ഇതിൻറെ അടിസ്ഥാനത്തിൽ, തുടർ നടപടികളിലേക്ക് കടക്കുമെന്ന് ഡിഐജി മാധ്യമപ്രവർത്തകരോട് പറഞ്ഞു.

RNU TVPM

************************************

## അർജ്ജുൻ - തെരച്ചിൽ

കർണ്ണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജ്ജുനായുള്ള തെരച്ചിൽ തുടരണമെന്ന് ആവശ്യപ്പെട്ട് അർജുൻറെ കുടുംബാംഗങ്ങൾ കർണ്ണാടക മുഖ്യമന്ത്രിയെ കണ്ടു. കോഴിക്കോട് എം പി MK രാഘവനും സംഘത്തിലുണ്ടായിരുന്നു.

************************************

## എൻഡോസൾഫാൻ - ഇൻട്രോ

എൻഡോസൾഫാൻ ദുരിത മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുമെന്ന് സംസ്ഥാന വനിതാ കമ്മീഷൻ അധ്യക്ഷ പി.സതീദേവി. കാസർഗോഡ് നടന്ന പബ്ലിക് ഹിയറിങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

**വിശദാംശങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി.ജഗന്നിവാസൻ....**

(വോയ്സ്)

*************************************

## പാരിസ് പാരാലിമ്പിക്സ്

പാരീസ് പാരാലിമ്പിക്സിന് ഇന്ന് തുടക്കമാകും. ഇന്ത്യൻ സമയം രാത്രി 11.30 നാണ് ഉദ്ഘാടന ചടങ്ങുകൾ. ഇന്ത്യയെ പ്രതിനിധീകരിച്ച് 84 കായിക താരങ്ങളാണ് ഇത്തവണ പാരാലിമ്പിക്സിൽ മാറ്റുരയ്ക്കുന്നത്. പാരാലിമ്പിക് ചരിത്രത്തിലെ ഇന്ത്യയുടെ ഏറ്റവും വലിയ സംഘമാണ് ഇത്തവണത്തേത്. 38 ഇന്ത്യൻ അത്ലറ്റുകൾ പങ്കെടുക്കുന്ന പാരാ അത്ലറ്റിക്സ് മത്സരങ്ങൾക്ക് ഓഗസ്റ്റ് 30 ന് തുടക്കമാകും. സെപ്റ്റംബർ 8 വരെയാണ് പാരീസ് പാരാലിമ്പിക്സ്.

RNUTVPM

*************************************

## സജന സജീവൻ

UAE ൽ നടക്കുന്ന വനിതാ ട്വന്റി-20 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിൽ ഉൾപ്പെട്ടതിൽ ഏറെ സന്തോഷവും അഭിമാനവുമുണ്ടെന്ന് വയനാട് സ്വദേശി സജന സജീവൻ. രാജ്യത്തിനായി മികച്ച പ്രകടനം കാഴ്ച വെക്കുകയാണ് ലക്ഷ്യമെന്നും സജന പറഞ്ഞു.

**************************************

## സംവിധായകൻ മോഹൻ

ഇന്നലെ അന്തരിച്ച പ്രമുഖ സംവിധായകൻ മോഹൻ്റെ സംസ്കാരകം ഔദ്യോഗിക ബഹുമതികളോടെ നടന്നു. എറണാകുളം രവിപുരം ശ്മശാനത്തിലായിരുന്നു അന്തിമ ചടങ്ങുകൾ. മന്ത്രി പി രാജീവ്, ചലച്ചിത്ര മേഖലയിലെ പ്രമുഖർ തുടങ്ങിയവർ അന്തിമോപചാരം അർപ്പിച്ചു.

**************************************

## മഴ

കേരളത്തിൽ ഇന്നു നാളെയും ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കോഴിക്കോട്, വയനാട് കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

**************************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 74 പോയിൻറ് ഉയർന്ന് 81,786 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 35 പോയിൻറ് നേട്ടത്തിൽ 25,052 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ വർധന. പവന് 160 രൂപ വർധിച്ച് 53,720 രൂപയും ഗ്രാമിന് 20 രൂപ വർധിച്ച് 6,715 രൂപയുമാണ് ഇന്നത്തെ വില.

************************************

## കോളറ

കോളറ റിപ്പോർട്ട് ചെയ്ത വയനാട് നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ പ്രതിരോധന പ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടരുന്നു. 2,875 വീടുകളിൽ രോഗ നിരീക്ഷണം നടത്തി. പ്രതിരോധ മരുന്നുകൾ, ഒ. ആർ.എസ് പാക്കറ്റുകൾ എന്നിവ വിതരണം ചെയ്തതായും 849 കിണറുകൾ ക്ലോറിനേറ്റ് ചെയ്തതായും അധികൃതർ അറിയിച്ചു. പഞ്ചായത്തിലെ മറ്റ് വാർഡുകളിലും ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ജില്ലയിൽ ഇതുവരെ ഏഴ് പേർക്കാണ് കോളറ സ്ഥിരീകരച്ചത്. ഒരാൾ മരിച്ചു. 17 പേർ ചികിത്സയിലുണ്ട്.

******************************************************

************************************

**********************

RNU TVPM